# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4226**

20-03-2018 ൽ മറുപടിയ്ക്ക്

# അഴീക്കൽ തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ തുറമുഖ നിർമ്മാണത്തിന് കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | ആഗോള ടെൻഡർ ക്ഷണിച്ചതനുസരിച്ച് സാങ്കേതിക പരിശോധനയിൽ ഉയർന്ന സ്കോർ ലഭിച്ച HOWE Engineering India Projects Ltd-ന്റെ ടെൻഡർ 06/03/2018-ൽ ടെൻഡർ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. മറ്റ് നിയമപരമായ പരിശോധനകൾക്ക് ശേഷം HOWE Engineering India Projects Ltd-മായി കരാറിൽ ഏർപ്പെടുന്നതാണ് . |
| (ബി) | പ്രസ്തുത തുറമുഖ നിർമ്മാണം ആരംഭിക്കുവാനാവശ്യമായ മണ്ണ് പരിശോധന, ജലപരിശോധന എന്നിവ പൂർത്തിയായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ പദ്ധതി നടപ്പിലാക്കുന്നതെന്നും അറിയിക്കുമോ ; | (സി) | 496 കോടി രൂപ മുതൽമുടക്കിൽ കിഫ്ബി മുഖാന്തിരം അഴീക്കൽ തുറമുഖത്തിന്റെ ആദ്യഘട്ട വികസനത്തിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത തുറമുഖത്തിന്റെ രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ ; | (ഡി) | ഉണ്ട്. |

| | | |
|---|---|---|
| (ഇ) | തുറമുഖ കമ്പനി രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ? | അഴീക്കൽ തുറമുഖ വികസനത്തിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രത്യേകോദ്ദേശ കമ്പനി (SPV) രൂപീകരിക്കുന്നതിന് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കമ്പനി രൂപീകരണത്തിന് അപേക്ഷ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിന് സമർപ്പിക്കുകയും 06/03/2018 ൽ 'അഴീക്കൽ പോർട്ട് ലിമിറ്റഡ്'' എന്ന കമ്പനിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**